പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**ഐ.എ.വൈ. പദ്ധതി പ്രകാരം വായ്പ**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4036 | 21.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഐ.എ.വൈ. പദ്ധതി പ്രകാരം വായ്പ ലഭിച്ചവർക്ക് തുടർന്ന് മറ്റ് പദ്ധതികൾക്കായി വീടുവയ്ക്കുന്നതിന് ധനസഹായം പഞ്ചായത്തുവഴി കൊടുക്കുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ വിശദീകരണം നൽകാമോ; | (എ) | ഐ.എ.വൈ. യുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ഒരു തവണ ഭവന നിർമ്മാണ ധനസഹായം ലഭിച്ചാൽ അടുത്ത 12 വർഷത്തേക്ക് ഈ പദ്ധതിയിൽ ഭവന നിർമ്മാണ ധനസഹായം നൽകുവാൻ സാധിക്കുകയില്ല. ഇന്ദിര ആവാസ് യോജന പ്രകാരം നിർമ്മിക്കുന്ന വീടുകൾ മിനിമം 30 വർഷം ഈടുനിൽക്കത്തക്ക രീതിയിൽ നിർമ്മിക്കണമെന്നും മാർഗ്ഗനിർദ്ദേശമുണ്ട്. ആയതിനാൽ ഐ.എ.വൈ. പ്രകാരം വീടു നിർമ്മിച്ച കുടുംബത്തിന് നിലവിൽ വാസയോഗ്യമായ വീടുള്ളതിനാൽ മറ്റൊരുവീടിന്റെ ആവശ്യം ഉണ്ടാകുന്നില്ല. |
| (ബി) | മുൻകാലങ്ങളിൽ പഞ്ചായത്തിൽ നിന്നും ധനസഹായം വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടയ്ക്കുന്നതിന് പ്രത്യേക അക്കൗണ്ട് ഹെഡോ, മാർഗ്ഗനിർദ്ദേശമോ നൽകിയിട്ടുണ്ടോ; ഇങ്ങനെ തുക അടയ്ക്കേണ്ടിവരുന്നെങ്കിൽ ആർക്കാണ് അടയ്ക്കേണ്ടത് എന്നറിയിക്കാമോ; ഇത്തരം ധനസഹായം ലഭിച്ച പാവങ്ങൾക്ക് പുനർ ധനസഹായം നൽകുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നൽകാമോ? | (ബി) | ഭവന നിർമ്മാണത്തിനായി ധനസഹായം നൽകുന്ന പദ്ധതിയാണ് ഐ.എ.വൈ. ഈ പദ്ധതി മുഖേന നൽകുന്ന തുക വായ്പയായല്ല മറിച്ച് പൂർണ്ണമായും സഹായധനമാണ്. അതിനാൽതന്നെ തുക തിരിച്ചടക്കുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശം നൽകിയിട്ടില്ല. ഏതെങ്കിലും കാരണത്താൽ തിരിച്ചടക്കേണ്ടി വന്നാൽ ആയത് ബ്ലോക്കിൽ നേരിട്ട് അടയ്ക്കാവുന്നതാണ്. ഇങ്ങനെ പണം തിരിച്ചടക്കുന്ന ഗുണഭോക്താവ് വീണ്ടും ഭവന നിർമ്മാണ ധനസഹായത്തിനായി ഗ്രാമസഭ അംഗീകരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടാൽ അർഹതാമാനദണ്ഡമനുസരിച്ച് ഭവന നിർമ്മാണ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. |

സെക്ഷൻ ഓഫീസർ